## 14-ാം കേരള നിയമ സഭ

## 1-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1466** **13.07.2016-ൽ മറുപടിയ്ക്ക്**

# സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ് സീറ്റുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.വി.എസ്. ശിവകുമാർ :** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും, സാമൂഹിക നീതിയും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് എത്ര സ്വാശ്രയ മെഡിക്കൽ കോളേജുകളാണ് ഉള്ളത് ; അവയിൽ എത്ര എം.ബി.ബി.എസ് സീറ്റുകളുണ്ട് ; | (എ) 2015 ലെ പ്രോസ്പെക്ടസ് പ്രകാരം സർക്കാരുമായി കാരാറിലേർപ്പെട്ടിട്ടുള്ള 14 സ്വാശ്രയ മെഡിക്കൽ കോളേജുകളുണ്ട്. അവയിൽ 100 വീതം 1400 എം.ബി.ബി.എസ് സീറ്റുകളുണ്ട്. |
| (ബി) 50% സീറ്റുകൾ സർക്കാരിന് നൽകുക എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ മുൻ വർഷം എത്ര സീറ്റുകൾ സർക്കാരിന് ലഭിച്ചു ; ഈ വർഷം എത്ര സ്വാശ്രയ മെഡിക്കൽ കോളേജുകളുമായി കരാർ ഉണ്ടാക്കി. അവയിൽ ഏതെല്ലാം കോളേജുകളിൽ എത്ര സീറ്റുകൾ വീതം ലഭിക്കാൻ സാധ്യതയുണ്ട് ; | (ബി) 700 സീറ്റുകൾ. കരാർ നടപടികൾ പൂർത്തീകരിച്ചു വരുന്നു. ആയത് പൂർത്തീകരിച്ചതിനു ശേഷം മാത്രമേ സീറ്റുകളുടെ എണ്ണം കണക്കാക്കാൻ സാധിക്കുകയുള്ളു. |
| (സി) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ ഈ വർഷം അനുമതി നിഷേധിച്ച സ്വാശ്രയ മെഡിക്കൽ കോളേജുകൾ ഏതെല്ലാം ; ഇതു മൂലം എത്ര എം.ബി.ബി.എസ് സീറ്റുകൾ നഷ്ടപ്പെടും എന്നാണ് കണക്കാക്കിയിട്ടുള്ളത് ; | (സി) നിലവിൽ 8 എണ്ണം. അവ താഴെ പറയും പ്രകാരമാണ്.<br>1. ഡോ. എസ്.എം.സി.എസ്.ഐ. മെഡിക്കൽ കോളേജ്, കാരക്കോണം, തിരുവനന്തപുരം.<br>2. കെ.എം.സി.റ്റി. മെഡിക്കൽ കോളേജ്, കോഴിക്കോട്.<br>3. ശ്രീ. ഗോകുലം മെഡിക്കൽ കോളേജ്, വെഞ്ഞാറമൂട്, തിരുവനന്തപുരം. |

4. അൽ അസ്സർ മെഡിക്കൽ കോളേജ്, തൊടുപുഴ
5. ഡി.എം. വയനാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, മേപ്പാടി, വയനാട്.
6. പി.കെ. ദാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, ഒറ്റപ്പാലം, പാലക്കാട്
7. മോണ്ട് സിയോൺ മെഡിക്കൽ കോളേജ്, അടൂർ,, പത്തനംതിട്ട
8. മലബാർ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ ആന്റ് റിസേർച്ച് സെന്റർ, കുറ്റിയാടി, കോഴിക്കോട്

800 സീറ്റുകൾ.

| | | | |
|---|---|---|---|
| (ഡി) | സീറ്റുകൾ നഷ്ടപ്പെടാതിരിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ എതെല്ലാം ; വിശദമാക്കുമോ ; | (ഡി), (ഇ) & (എഫ്) | സർക്കാർ/സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന മെഡിക്കൽ കോളേജുകളുടെ അംഗീകാരം നിശ്ചയിക്കുന്നത് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയാണ്. ഓരോ അദ്ധ്യയന വർഷ ആരംഭത്തിലും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ ഇന്ത്യൻ യൂണിയനിലെ വിവിധ സംസ്ഥാനങ്ങളിലെ മെഡിക്കൽ കോളേജുകളിൽ (സർക്കാർ/സ്വകാര്യ മേഖല) പരിശോധന നടത്തുകയും, ടി പരിശോധന വേളയിൽ പ്രസ്തുത കോളേജിന്റെ ഭൗതീക സാഹചര്യങ്ങളായ അദ്ധ്യാപക/അനദ്ധ്യാപക തസ്തികകളുടെ എണ്ണം, മറ്റ് അനുബന്ധ ഭൗതീക സാഹചര്യങ്ങളായ ലാബ്, തിയറ്റർ എന്നിവയുൾപ്പെടെ ഒട്ടേറെ കാര്യങ്ങൾ പര്യാപ്തമാണോ എന്ന് പരിശോധിക്കുകയും അത് പര്യാപ്തമല്ലെങ്കിൽ അടുത്ത അദ്ധ്യയന വർഷം കുട്ടികളെ പ്രവേശിപ്പിക്കുന്നതിനുള്ള അനുമതി നിഷേധിക്കുകയുമാണ് ചെയ്തു വരുന്നത്.മേൽ കാരണങ്ങളാൽ ടി വിഷയത്തിൽ സംസ്ഥാന സർക്കാരുകൾക്ക് യാതൊരുവിധ ഇടപെടലും സാധിക്കുകയില്ല. |
| (ഇ) | സ്വാശ്രയ മെഡിക്കൽ കോളേജുകൾ 50% സീറ്റുകൾ സർക്കാരിന് നല്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; ഇവരുമായി എത്ര പ്രാവശ്യം ചർച്ച നടത്തി; തീയതി സഹിതം വ്യക്തമാക്കുമോ ; | | |
| (എഫ്) | മെഡിക്കൽ കൗൺസിലുമായി ബന്ധപ്പെട്ട് ഒരു സീറ്റും നഷ്ടപ്പെടുന്നില്ല എന്ന് സർക്കാർ ഉറപ്പു വരുത്തുമോ? വ്യക്തമാക്കാമോ ? | | |

സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ മാനേജ്മെന്റുമായി 04.07.2016 ൽ ചർച്ച നടത്തുകയുണ്ടായി. ടി ചർച്ചയിൽ തീരുമാനമൊന്നും ആയിട്ടില്ല.

**സെക്ഷൻ ഓഫീസർ**